# INFANT JESUS HS VADAYAR

Vadayar (P.O), Thalayolaparambu
Kottayam (Dist), Pin-686 605
Kaduthuruthy (Ednl. Dist.), Ph: 04829-237247
School Code: 45013, Udise Code: 32101300413



# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-2026

# PROFILE

| | | |
|---|---|---|
| Name of School | : | INFANT JESUS H S VADAYAR VADAYAR (P O), THALAYOLAPARAMBU, KOTTAYAM, PINCODE– 686605. |
| School Code | : | 45013 |
| Phone No | : | 04829 237247 |
| School E mail I D | : | vadayarijhs@gmail.com |
| Name of District | : | KOTTAYAM |
| Name of Village | : | Vadayar |
| Name of Grama Panchayat | : | Thalayolaparambu |
| Name of BRC | : | BRC Vaikom, Thalayolaparambu |
| Name of CRC | : | Thalayolaparambu |
| Name of AEO Ednl Sub District | : | AEO, Vaikom |
| Name of DEO Ednl District | : | DEO , Kaduthuruthy |
| Name of Block Panchayat | : | Kaduthuruthy |
| Name of District Panchayat | : | KOTTAYAM |
| Name of District Panchayat Member | : | Sri. T S Sarath |
| Name of Block Panchayat Member | : | Smt. Sruthy Das |
| Name of Grama Panchayat Member | : | Sri. Ashish K |
| Name of Ednl. Standing Committee Chairperson | : | Smt. Anju Unnikrishnan |
| Name of P T A President | : | Sri. Varghese V J |
| Name of M P T A Chairperson | : | Smt.Dhanamma Binu |
| Name of Headmistress | : | Smt. Elsy John |
| Mobile No | : | 9400059909 |
| School E mail I D | : | vadayarijhs@gmail.com |

INFANT JESUS H S VADAYAR 2025-26

# <u>ആമുഖം</u>

## <u>വിദ്യാലയ ചരിത്രം ലഘു വിവരണം</u>

വൈക്കം താലൂക്കിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ സാമൂഹികവും സാമ്പത്തികവുമായി ഏറെ പിന്നോക്കാ വസ്ഥയിലായിരുന്ന ഗ്രാമപ്രദേശമായിരുന്ന വടയാറിന്റെ സർവ്വതോൻമുഖമായ വളർച്ചയ്ക്ക് നാന്ദി കുറച്ചുകൊണ്ട് 1976 ൽ വടയാർ ഇൻഫന്റ് ജീസസ് ഹൈസ്കൂൾ പ്രവർത്തനം ആരംഭിച്ചു വിദ്യാലയത്തിന്റെ ശിലാസ്ഥാപന കർമ്മം വടയാർ ഇൻഫന്റ് ജീസസ് ചർച്ച് വികാരിയും സ്ഥാപക മാനേജരും ആയിരുന്ന റവ. ഫാദർ സിറിയക് മണ്ണാശ്ശേരി 1975 ആഗസ്റ്റ് 8 ന് നിർവഹിക്കുകയും,1976 ജൂൺ 1 ന് വൈക്കം ഫൊറോന ചർച്ച് വികാരി റവ. ഫാദർ ജോർജ് ചിറമേൽ വെഞ്ചരിപ്പ് കർമ്മവും നടത്തി.

ഗ്രാമാന്തരീക്ഷത്തിന്റെ മേന്മയും ഭൗതിക സാഹചര്യങ്ങളിൽ മികവും പുലർത്തിക്കൊണ്ട് ഏറെ ഡിവിഷനുകളോടെ ഈ വിദ്യാലയം പ്രവർത്തനാരംഭ കാലഘട്ടത്തിൽ സജീവമായി നിലകൊണ്ടു . ഇടക്കാലത്തെ സാമൂഹിക പശ്ചാത്തലങ്ങളും ഗതാഗത സൗകര്യങ്ങളുടെ പോരായ്മകളും സമീപത്തുള്ള വല്ലകം സെന്റ് മേരിസ് യു പി എസ് എച്ച് എസ് ആയി ഉയർത്തിയതും കുട്ടികളുടെ വരവ് കുറയാനും ഉള്ള കാരണമായി തീർന്നു 1980 കളുടെ മധ്യത്തോടെ കൂടി അഡ്മിഷൻ പിന്നാക്കാവസ്ഥയിലേക്ക് പോവുകയും 1990 കളോടുകൂടി കൂൺ പോലെ ഉയർന്നുവന്ന അൺഎയ്ഡഡ് സ്കൂളുകളിയിലേക്കുള്ള പ്രവേശനത്തിനായുള്ള അമിതാവേശവും വീണ്ടും കുട്ടികളുടെ എണ്ണം കുറയുവാൻ കാരണമായി 2000 -മാണ്ടോടെ എസ്എസ്എൽസി പരീക്ഷയിൽ മികച്ച വിജയം നേടിക്കൊണ്ട് വടയാറിന്റെ ചരിത്രത്തിലെ മായാത്ത വസന്തമായി മാറുവാൻ വടയാർ ഇൻഫന്റ് ജീസസ് ഹൈസ്കൂളിന് കഴിഞ്ഞു. തനിയാവർത്തനമായി ഈ വിജയഗാഥ ഇന്നും തുടർന്നുവരുന്നു.

വിദ്യാലയത്തിലെ കുട്ടികളുടെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്ക് നിലവിലെ സാഹചര്യങ്ങൾക്കനുസൃതമായി പരിപോഷണം നൽകിവരുന്ന പാരമ്പര്യമാണ് ഈ വിദ്യാലയത്തിനുള്ളത് കൃഷി പരിപാലനം ഇതിൽ പ്രഥമഗണനീയമാണ് ഈ വിദ്യാലയത്തിലെ ആദ്യ പ്രഥമാദ്ധ്യാപകൻ

INFANT JESUS HS VADAYAR 2025-26

ശ്രീ ചന്ദ്രശേഖരപ്പണിക്കർ സാർ അടക്കമുള്ള പ്രഥമാധ്യാപകരുടെ ക്രിയാത്മകമായ ഭരണനിർവഹണമാണ് പല പ്രതിലോമഘട്ടങ്ങളിലും ഈ വിദ്യാലയത്തെ മുഖ്യധാരയിൽ നിലനിർത്തുവാൻ സഹായകരമായത്.

ശ്രീ ജോസഫ് , ശ്രീ എബ്രഹാം, ശ്രീ തോമസ് ജോസഫ് , ശ്രീ പി ജെ ജോർജ് ശ്രീമതി മേരി എ, ശ്രീമതി ടെസ്സി ജോർജ് , ശ്രീമതി മേഴ്സി ഡേവിഡ്, ശ്രീമതി ത്രേസ്യാമ്മ കുര്യാക്കോസ്, എന്നിവർ പ്രഥമ അധ്യാപകരുടെ ചുമതല ഏറ്റെടുത്ത് സേവനം പൂർത്തീകരിച്ചു. തുടർന്ന് ശ്രീമതി എൽസി ജോൺ ടീച്ചർ ഹെഡ്മിസ്ട്രസ് ആയി സേവനം അനുഷ്ഠിച്ചുവരുന്നു.ഇതിനിടയിൽ ഉണ്ടായ അവധി ഒഴിവിലേക്ക് ഹെഡ്മാസ്റ്ററായി ശ്രീ കുര്യാക്കോസ് ആന്റണി സാർ ആറുമാസം വിദ്യാലയത്തെ നയിച്ചിട്ടുണ്ട്. ശ്രീമതി കെ നിർമ്മല, ശ്രീ ബിനു കെ പവിത്രൻ ശ്രീ ബിനോയ് ജോസഫ് എന്നിവർ വിവിധ സന്ദർഭങ്ങളിൽ ടീച്ചർ ഇൻചാർജ് മാരായി സേവനം അനുഷ്ഠിച്ചു. ശ്രീ തോമസ് ജോസഫ് പ്രഥമ അധ്യാപകനായിരിക്കുന്ന സാഹചര്യത്തിലാണ് ഈ വിദ്യാലയത്തിന് ആദ്യമായി എസ്എസ്എൽസി പരീക്ഷയ്ക്ക് 100% വിജയം ലഭിച്ചത്.2025 ലെ എസ്എസ്എൽസി പരീക്ഷയ്ക്കും 100% വിജയം എന്നത് തുടരുന്നു.

2009 മുതൽ ആരോഗ്യം സേവനം സൗഹൃദം എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ട് ജൂനിയർ റെഡ് ക്രോസ് യൂണിറ്റ് പ്രവർത്തനമാരംഭിച്ചു 2011 മുതൽ എസ്എസ്എൽസി പരീക്ഷയ്ക്ക് ജെ ആർ സി ഗ്രീസ് മാർക്ക് ലഭിച്ചുവരുന്നു അധ്യാപകനായ ശ്രീ ബിനു കെ പവിത്രൻ ജെ ആർ സി സ്കൂൾ ടീച്ചർ കൗൺസിലറായി ജെ ആർ സി കേഡറ്റുകൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി നയിച്ചുവരുന്നു 2014-15 വർഷത്തെ മികച്ച ജെ ആർ സി യൂണിറ്റിനുള്ള റെഡ് ക്രോസ് പുരസ്കാരം ഈ വിദ്യാലയത്തിന് ലഭിച്ചത് അഭിമാനകരമായി. 2022 23 അധ്യായന വർഷം ജൂനിയർ റെഡ് ക്രോസ് തനത് പ്രവർത്തനമായി കരനെൽ കൃഷിയും കപ്പ കൃഷിയും നടത്തുകയും പ്രസ്തുത കൃഷികളുടെ വിളവെടുപ്പ് ഉത്സവം നാടിന് ആഘോഷമായി മാറുകയും ചെയ്തു .2024-25 അധ്യയനവർഷത്തെ ഏറ്റവും മികച്ച ജെ ആർ സി ജില്ലാകോ-ഓർഡിനേറ്റർക്കുള്ള സംസ്ഥാന അവാർഡ് അധ്യാപകനായ ശ്രീ ബിനു കെ പവിത്രൻ ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ വി ശിവൻകുട്ടി അവർകളിൽ നിന്നും കോട്ടയത്തുവച്ച് നടന്ന ചടങ്ങിൽ വച്ച് ഏറ്റുവാങ്ങി.സമ്പൂർണ്ണ നേത്രദാന പരിപാടിയിലൂടെ 2024-25 വർഷം ജെ ആർ സി ശ്രദ്ധേയമായി . ഹരിതാങ്കണം 2024 എന്ന പേരിൽ ഉച്ചഭക്ഷണ പാചകപ്പുരയോട് ചേർന്ന് പച്ചക്കറി കൃഷിത്തോട്ടം പ്രവർത്തനം വിജയപ്രദമായി അത് തൻവർഷവും തുടരുകയാണ് .

വിവര സാങ്കേതിക വിദ്യയുടെ സമ്പൂർണ്ണ തിളക്കവുമായി പൊതുവിദ്യാഭ്യാസ മേഖലയിൽ , പൊതുവിദ്യാലയങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഏറ്റവും പ്രധാനപ്പെട്ട ഐടി ക്ലബ്ബായ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് വിദ്യാലയത്തിൽ വളരെ നല്ല രീതിയിൽ

INFANT JESUS HS VALIAYAR 2025-26

പ്രവർത്തിച്ചുവരുന്നു. കൈറ്റ് മിസ്ട്രസ് ആയി ശ്രീമതി എൽസിറ്റ് സ്കറിയയും സ്കൂൾ ഐ ടി കോ-ഓർഡിനേറായി ശ്രീ ജയ്സൺ എസ് ജോർജും കുട്ടികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി മുന്നോട്ട് പോകുന്നു. എസ് എസ് എൽ സി പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക് ലഭിച്ച് മികച്ച വിജയം നേടി മുന്നോട്ടുപോകുവാൻ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് വിദ്യാലയത്തിലുള്ളത് അഭിമാനം തന്നെയാണ്.ജില്ലയിലെ ഏറ്റവും മികച്ച പ്രവർത്തനങ്ങളുമായി ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് മുന്നേറുകയാണ്. ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് വിദ്യാലയത്തിൽ പ്രാരംഭ ഘട്ടം മുതൽ 2024-2025 വരെ മികവിലെത്തിക്കുവാൻ മുൻ ഗണിതം അധ്യാപിക യായിരുന്ന ശ്രീമതി കാഞ്ചന സി റ്റിയുടെ പരിശ്രമങ്ങൾ സ്മരണീയമാണ് .

നാച്ചുറൽ സയൻസ് അധ്യാപികയായിരുന്ന ശ്രീമതി ബീന തോമസ് ടീച്ചറിന്റെ നേതൃത്വത്തിൽ ഉള്ള എക്കോ ക്ലബ്ബ്, സീഡ് ക്ലബ്ബ് കൃഷി പരിപാലനവുമായി മാതൃകാപരമായി സേവനം ചെയ്തുവരികയും അതിന്റെ ഫലമായി വിദ്യാലയത്തിനും അതോടൊപ്പം തന്നെ ബീന ടീച്ചറിനും വിവിധ അവാർഡുകളും ലഭിക്കുകയുണ്ടായി എന്നത് വിദ്യാലയത്തിന് ഏറെ അഭിമാനകരമായി. തുടർന്ന് ടീച്ചർ ഹെഡ്മിസ്ട്രസ്സായി പ്രമോഷൻ ലഭിച്ച് ട്രാൻസ്ഫറായി പോവുകയും ചെയ്തു. തദനന്തരം നാച്ചുറൽ സയൻസ് അധ്യാപികയായി ശ്രീമതി ഹൈന ഹെന്ട്രി ടീച്ചർ ചുമതല ഏറ്റെടുക്കുകയും കൃഷി പരിപാലന പ്രവർത്തനങ്ങളുമായി മുന്നോട്ട് പോവുകയും ചെയ്തു വരുന്നു.

പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനായി ദേശീയ സമ്പാദ്യ പദ്ധതി, ധനകാര്യ-ട്രഷറി ,വിദ്യാഭ്യാസ വകുപ്പുകളുമായി ചേർന്ന് നടപ്പിലാക്കുന്ന സ്റ്റുഡൻ്റ്സ് സേവിംങ്സ് സ്കീമിൽ വടയാർ ഇൻഫന്റ് ജീസസ് ഹൈസ്ക്കൂളിലെ മുഴുവൻ വിദ്യാർത്ഥികളും പങ്കാളികളായി. കോട്ടയം ജില്ലയിലെ ആദ്യ സമ്പൂർണ്ണ സമ്പാദ്യ സുരക്ഷാ വിദ്യാലയമായി പ്രഖ്യാപിക്കപ്പെട്ടു.അധ്യാപകനായ ശ്രീ ബിനു കെ പവിത്രനാണ് സ്റ്റുഡൻ്റ്സ് സേവിംങ്സ് സ്കീമിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ചു വരുന്നത് . ഏറ്റവും കൂടുതൽ നിക്ഷേപസമാഹരണം നടത്തിയതിനും അംഗീകാരം ലഭിച്ചു. ബഹു. സഹകരണ- ദേവസ്വം വകുപ്പ് മന്ത്രി ശ്രീ വി എൻ വാസവൻ അവർകളിൽ നിന്നും ഹെഡ്മിസ്ട്രസ് ശ്രീമതി എൽസി ജോൺ കോട്ടയം മാമൻ മാപ്പിള ഹാളിൽ വച്ച് നടന്ന ചടങ്ങിൽ വച്ച് ഏറ്റുവാങ്ങി.

ശാസ്ത്ര ഗണിത പ്രവർത്തിപരിചയരംഗത്തും ഉപജില്ലാതലത്തിലും ജില്ലാതലത്തിലും മികവുറ്റ പ്രവർത്തനങ്ങളുമായി ഇൻഫന്റ് ജീസസ് ഹൈസ്കൂളിലെ കുട്ടികൾ മുന്നേറി വരുകയാണ് അതിനായി സയൻസ് അധ്യാപികമാരായ ശ്രീമതി എൽസിറ്റ് സ്കറിയ, ശ്രീമതി ഹൈന ഹെൻട്രി, ഗണിതം അധ്യാപകരായ ശ്രീമതി ജിൻസി എം ജെ, മിസ് ജയിൻ മേരി തുടങ്ങിയവരും കുട്ടികൾക്ക് മാതൃകാപരമായ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് പിന്തുണയേകി

INFANT JESUS H S VADAYAR 2025-26

കൊണ്ട് നയിച്ചു വരുന്നു. വിദ്യാലയത്തിലെ ലാബ് വളരെ ക്രിയാത്മകമായി കുട്ടികളുടെ ശാസ്ത്ര പോഷണത്തിന് ബലവത്തായ രൂപത്തിലുള്ള പിന്തുണയായി മാറുകയും ചെയ്തുവരുന്നു.

സയൻസ് അധ്യാപികയായ ശ്രീമതി എൽസിറ്റ് സ്കറിയയുടെ നേതൃത്വത്തിൽ തുമ്പ റോക്കറ്റു വിക്ഷേപണ കേന്ദ്രവും(ISRO), മാജിക് പ്ളാനറ്റും സന്ദർശിക്കുന്നതിനായി കുട്ടികളെ കൊണ്ടുപോയി. കുട്ടികൾക്ക് റോക്കറ്റ് ലോഞ്ചിംഗ് കാണുവാനും അവസരമൊരുക്കി . ഇത് കുട്ടികളുടെ ശാസ്ത്ര പോഷണത്തിന് സഹായകമായി. തൻ വർഷം കൊച്ചി കുസാറ്റ് സന്ദർശനത്തിന് ശ്രമിച്ചു വരികയുമാണ് .

2024-25 അധ്യയന വർഷം സാമൂഹ്യ ശാസ്ത്രം അധ്യാപകനായ ശ്രീ ജയ്സൺ എസ് ജോർജ് സംസ്ഥാന സാമുഹ്യ ശാസ്ത്രമേളയിൽ മികച്ച ടീച്ചിംങ് എയിഡ് മത്സരത്തിൽ മികവുനേടി അഭിമാനമായി .സാമൂഹ്യ ശാസ്ത്രം ക്ളബ്ബ് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ശ്രദ്ധേയമായി മുന്നേറുന്നു.

2024-25 അധ്യയന വർഷം നാച്വറൽ സയൻസ് അധ്യാപിക ശ്രീമതി ഹൈന ഹെൻറി യുടെ ആഭിമുഖ്യത്തിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് നടത്തിയത്. അടൽ ടിങ്കറിംങ് ലാബ് പ്രവർത്തനങ്ങളും ടീച്ചറിന്റെ നേതൃത്വത്തിൽ മികച്ച പ്രവർത്തനങ്ങളുമായി മുന്നേറുവാനായി.ടിങ്കർ ഫെസ്റ്റ്, സയൻസ് മേളകളിൽ കുട്ടികൾ ഒന്നും ,രണ്ടും സ്ഥാനങ്ങൾ നേടി സ്കൂളിന് അഭിമാനമായി.

നിലവിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ ഇല്ലാതിരുന്നിട്ടും കായിക പരിശീലനത്തിനായി വിദഗ്ധരെ പ്രയോജനപ്പെടുത്തി വരുന്നു. മലയാളം അധ്യാപകനായ ശ്രീ ബിനോയി ജോസഫിന്റെ നേതൃത്വത്തിലാണ് ഈ പ്രവർത്തനങ്ങളുമായി മുന്നേറുന്നത്.

സ്കൂൾ ഉച്ച ഭക്ഷണ പദ്ധതി വളരെ മാതൃകാപരമായി സർക്കാർ നിർദ്ദേശാനുസരണം സ്കൂളിൽ തുടർന്നുവരുന്നു. തികഞ്ഞ അർപ്പണ മനോഭാവത്തോടെയും, കരുതലോടെയും ഇതിന്റെയും ചുമതല നിർവ്വഹിച്ചു വരുന്നത് മലയാളം അധ്യാപകനായ ശ്രീ ബിനോയി ജോസഫാണ് . വിദ്യാരംഗം പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതും അദ്ദേഹമാണ് .മലയാളം അധ്യാപകനായ ശ്രീ എബി ജോസ് ജോയിന്റ് കൺവീനറുമാണ് . വിദ്യാലയത്തിലെ ഗ്രന്ഥശാല ശ്രീ ബിനോയി ജോസഫ് സാറിന്റെ നേതൃത്വത്തിലാണ് മികവാർന്ന രൂപത്തിൽ പ്രവർത്തിച്ചുവരുന്നത്.

ഹിന്ദി ക്ളബ്ബായ ഗാന്ധി ചിന്തൻ മഞ്ച് ശ്രദ്ധേയമായപ്രവർത്തനങ്ങളുമായി മുന്നേറുന്നു. ഹിന്ദി അധ്യാപകൻ ശ്രീ ബിനു കെ പവിത്രൻ ചുമതല വഹിക്കുന്നു.

കലാപരമായ പരിപോഷണത്തിന് പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടുള്ള പ്രവർത്തനങ്ങൾ ചെയ്തു വരുന്നു.അധ്യാപികമാരായ ശ്രീമതി അനു ഡി രാജ്, എൽസിറ്റ് സ്കറിയ എന്നിവർ നേതൃത്വം വഹിക്കുന്നു.

2024-25 അധ്യയന വർഷം ലിറ്റററി ക്ളബ്ബ് മികച്ച പ്രവർത്തനങ്ങളാണ് നടത്തിയത്.ഇംഗ്ളീഷ് അധ്യാപിക ശ്രീമതി അനു ഡി രാജാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് .

INFANT JESUS H S VADAYAR 2025-26

ലഹരിക്കെതിരെ വിമുക്തി ക്ളബ്ബിന്റെയും,ജനജാഗ്രതാസമിതിയുടെയും, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെയും,ജൂനിയർ റെഡ് ക്രോസിന്റെയും മറ്റിതര സ്കൂൾ ക്ളബ്ബുകളുടെയും നേതൃത്വത്തിൽ മികച്ച പോരാട്ടമാണ് നടത്തി വരുന്നത് .

# ഫീഡിങ് സ്കൂളുകൾ

1.മാർ സ്ളീബാ യു പി എസ് വടയാർ

2.ഇളങ്കാവ് ജി യു പി എസ് വടയാർ

3.ഗവ.യു പി എസ് മറവൻതുരുത്ത്

4.ഗവ. യു പി എസ് .എഴുമാന്തുരുത്ത്

## സ്കൂളിലെ ആകെ വിദ്യാർഥികൾ അധ്യാപകർ അനദ്ധ്യാപകർ എന്നിവരുടെ എണ്ണം ,പരീക്ഷാഫലം

INFANT JESUS H S VADAYAR 2025-26

സ്കൂളിലെ ആകെ വിദ്യാർത്ഥികൾ

| CLASS | BOYS | | | | | GIRLS | | | | | GRAND TOTAL |
|---|---|---|---|---|---|---|---|---|---|---|---|
| | GEN | OBC | OEC | SC | TOTAL | GEN | OBC | OEC | SC | TOTAL | |
| 8 | 2 | 24 | 1 | 1 | 28 | 3 | 4 | 1 | 7 | 15 | 43 |
| 9 | 7 | 16 | 2 | 8 | 33 | 4 | 5 | 2 | 7 | 18 | 51 |
| 10 | 11 | 24 | 1 | 10 | 46 | 5 | 8 | 0 | 6 | 19 | 65 |
| | | | | | | | | | | | |
| | | | | | | | | | | | |

## സ്കൂളിലെ ആകെ അധ്യാപകർ അനദ്ധ്യാപകർ

| DETAILS OF STAFF | | | | |
|---|---|---|---|---|
| | MALE | FEMALE | TOTAL | REMARKS |
| HEAD TEACHER | 0 | 1 | 1 | |
| TEACHING | 4 | 5 | 9 | |
| NON-TEACHING | 1 | 3 | 4 | |
| TOTAL | 5 | 9 | 14 | |

## പരീക്ഷാഫലം ( S S L C RESULT)

| SSLC RESULT | | | |
|---|---|---|---|
| YEAR | No.OF STUDENTS | % OF RESULT | FULL A+ |
| 2014-15 | 70 | 100 | 1 |
| 2015-16 | 66 | 100 | 3 |
| 2016-17 | 70 | 100 | 4 |
| 2017-18 | 65 | 100 | 3 |
| 2018-19 | 67 | 100 | 4 |
| 2019-20 | 61 | 100 | 6 |
| 2020-21 | 72 | 100 | 19 |
| 2021-22 | 71 | 100 | 6 |
| 2022-23 | 56 | 100 | 6 |
| 2023-24 | 54 | 100 | 12 |
| 2024-25 | 63 | 100 | 1 |

INFANT JESUSH S VADAYAR 2025-26

# വിദ്യാലയം മികവിന്റെ കേന്ദ്രം

ലോകത്തെ തന്നെ മാറ്റാൻ കഴിയുന്ന ഏറ്റവും ശക്തിയേറിയ ആയുധമാണ് വിദ്യാഭ്യാസം ലോകത്തിൻറെ ഭാവി ഇന്നത്തെ ഓരോ ക്ലാസ് മുറികളിലും ആണ് രൂപം കൊള്ളുന്നത് ഗാന്ധിയൻ കാഴ്ചപ്പാട് അനുസരിച്ച് ഒരു വ്യക്തിയുടെ സമ്പൂർണ്ണമായ വികസനമാണ് വിദ്യാഭ്യാസം. അത് അവന് എല്ലാതകളിൽ നിന്നും അടിമത്വത്തിൽ നിന്നും മോചനം അരുളുന്നു ഗാന്ധിയൻ സ്വപ്നം പോലെ ഓരോ കുട്ടിയെയും നാളെയുടെ പൗരന്മാരായി മാറ്റുക എന്ന വലിയ ലക്ഷ്യം നിറവേറ്റാൻ ഉതകുന്ന വിധത്തിലുള്ള ഒരിടമായി ഇൻഫേഴ്സസ് ഹൈസ്കൂളിന് മാറ്റുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം ഇതിനായി ഞങ്ങൾ ഏറ്റെടുത്തിരിക്കുന്ന പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

1.പാഠ്യപാഠ്യാനബന്ധപ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന തരത്തിൽ വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ .

2.ശുചിത്വം ദീനാ നുകമ്പ തുടങ്ങിയമൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനായി ഉള്ള സാഹചര്യം ഒരുക്കൽ.

3.പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്നതരത്തിലുള്ള വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

4.വിവരസാങ്കേതിക വിദ്യയിലെ ഏറ്റവും മികച്ച പിന്തുണയും പങ്കാളിത്തവും കുട്ടികൾക്ക് ഉറപ്പുവരുത്തുന്നതിനൊപ്പം തന്നെ ഡിജിറ്റൽ ലഹരി അടക്കമുള്ള വിവിധ ലഹരി കൾക്കെതിരെ പോരാട്ടത്തിന്റെ പാതയിലൂടെ മികച്ച പൗരന്മാരായി വളർത്തിയെടുക്കുവാനുള്ള സാഹചര്യമൊരുക്കൽ.

5.ലോകത്ത് എവിടെയും സമാന പ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനെക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.അതിനായി

* സ്മാർട്ട് ക്ലാസ്സ് റൂം

INFANT JESUS H S VADAYAR 2025-26

*ഡിജിറ്റൽ ലൈബ്രറി

* അതി നൂതനമായ ശാസ്ത്ര ലാബ് തിങ്കറിംഗ് ലാബ്

* കമ്പ്യൂട്ടർ ലാബ്

* മൾട്ടിമീഡിയ ക്ലാസ്സ് റൂം സംവിധാനങ്ങൾ.

6.മികച്ച രൂപത്തിലുള്ള ഫുട്ബോൾ പരിശീലന ക്യാമ്പുകൾ .

എന്നിവകൾ കുട്ടികൾക്കായി നൽകിവരുന്നു.

ഒരു മേഖലയിലും ഞങ്ങളുടെ കുട്ടികൾ പിന്തള്ളപ്പെടരുത് എന്ന കടുത്ത നിർബന്ധം വിദ്യാലയത്തിനുണ്ട്.മണ്ണിനെ അറിഞ്ഞ് ഭൂമിയെ അറിഞ്ഞ് സഹജീവികളായ ജീവജാലങ്ങളെ ചേർത്തുപിടിച്ച് പാരിസ്ഥിതികാവബോധത്തോടെ ജീവിക്കുവാനും വരുംതലമുറയ്ക്ക് ഈ ജ്ഞാനം കൈമാറുവാനും കുരുന്നുകളിൽ അവബോധം ചെലുത്തിക്കൊണ്ട് മികച്ച സ്വസ്ഥത പരിസ്ഥിതി രൂപപ്പെടുത്തുവാൻ കുട്ടികളെ അതിൻറെ കണ്ണികളാക്കി മാറ്റുവാൻ വളരെ മാതൃകാപരമായ പ്രവർത്തനങ്ങളുമായി വിദ്യാലയം മുന്നേറി വരുന്നു.ഔഷധ സസ്യ തോട്ടം എന്റെ മരം ജൈവ പച്ചക്കറി തോട്ടം (ഹരിതാങ്കണം),ജൈവവൈവിധ്യ പാർക്ക് മീൻകുളം കപ്പ കൃഷി,കരനെൽ കൃഷി തുടങ്ങിയവ വിദ്യാലയത്തിൽ നടത്തിവരുന്നു.

INFANT JESUS H S VADAYAR 2025-26

## പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ

**1.എസ് ആർ ജി യോഗത്തിൽ ഇൻഫന്റ് ജീസസ് ഹൈസ്കൂൾ വിഷൻ 2030 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും .**

**2.വികസനാവശ്യങ്ങൾ ക്ലാസ് വിഷയം അടിസ്ഥാനത്തിൽ ഭൗതികം അക്കാദമികം സാമൂഹികം കലാകായിക മേഖല എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.**

**3.കരട് രൂപരേഖ എസ് ആർ ജി ,എസ് എം സി , പി ടിഎ, എം പി ടി എ , ജാഗ്രത സമിതി,ജനപ്രതിനിധികൾ പൂർവ്വ വിദ്യാർത്ഥികൾ അഭ്യുദയകാംക്ഷികൾ അടക്കമുള്ള ആളുകൾ പങ്കെടുക്കുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ .**

**4. ശില്പശാലയിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ .**

5.പിടിഎ -എം ടി എ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ.

## നിലവിലെ അവസ്ഥാ വിശകലനം

INFANT JESUS H S VADAYAR 2025-26

**ഭൗതികം -നേട്ടങ്ങൾ**

സ്കൂളിന് ഭാഗികമായി ചുറ്റുമതിലും ഗ്രൗണ്ടും, അടൽ ടിങ്കറിങ് ലാബ്, ഡിജിറ്റൽ ലൈബ്രറി, കമ്പ്യൂട്ടർ ലാബ്, , ടൈലിട്ട ക്ലാസ് റൂമുകൾ , സ്മാർട്ട് ക്ലാസുകൾ,ഉച്ചഭക്ഷണ പാചകത്തിന് യോഗ്യമായ പാചകശാല കിണർ ചുറ്റുമതിൽകെട്ടിയ കുളം ,ടോയ്ലറ്റുകൾ എന്നിവകൾ ഉണ്ട് കുട്ടികളുടെ സൈക്കിൾ വെക്കുന്നതിന് ആവശ്യമായ സൈക്കിൾ ഷെഡും ഭാഗികമായി നിലനിൽക്കുന്നുണ്ട്.സ്കൂൾ വരാന്തകളും സ്കൂൾ ഓഡിറ്റോറിയവും ഭംഗിയായി ടൈൽ പാകി മനോഹരമാക്കിയിരിക്കുന്നു.

**ഭൗതികം -പരിമിതികൾ**

*ടൈൽ പാകിയ ആധുനിക സൗകര്യങ്ങളോടുകൂടിയ ഡൈനിങ് റൂമും കുട്ടികൾക്ക് ഡൈനിങ് റൂമിലേക്ക് മഴ നനയാതെ എത്തുവാനുള്ള സൗകര്യം ഏർപ്പെടുത്തലും.

*കുട്ടികൾക്ക് ആവശ്യമായ പഠനോപകരണങ്ങളൊരുക്കുക.

*താഴ്ന്ന പ്രദേശമായതിനാലും മഴ പെയ്യുമ്പോൾ വെള്ളക്കെട്ട് ഉണ്ടാകുന്നതുകൊണ്ടും കുട്ടികൾക്ക് ആവശ്യമായ പ്ലേ ഗ്രൗണ്ട് മണ്ണിട്ടുയർത്തി പുനർനിർമ്മിച്ച് വിവിധ കളികൾക്കനുരൂപമായ കോർട്ടുകൾ രൂപീകരിക്കുക.

*ചുറ്റമതിൽ നിർമ്മാണ പ്രക്രിയ ഭാഗികമായത് പൂർണ്ണമാക്കുക.

*സ്കൂൾ അസംബ്ലി അടക്കമുള്ള കാര്യങ്ങൾക്കായിഓപ്പൺ എയർ സ്റ്റേജ് സംവിധാനം ഏർപ്പെടുത്തൽ

*സൈക്കിൾ ഷെഡ് വിപുലീകരിക്കൽ .

*ചുറ്റമതിൽ പെയിന്റ് ചെയ്ത് ആകർഷകമാക്കൽ

*കൂടുതൽ ലാപ്ടോപ്പുകൾ വിദ്യാലയത്തിന് ആവശ്യമാണ്.
ലാബിലേക്ക് ആവശ്യമായ സാമഗ്രികൾ സ്പോർട്സ് ഐറ്റംസുകൾ ലൈബ്രറി ബുക്സ്

*കുട്ടികൾക്ക് കാർഷിക പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ ഒരുക്കൽ.

## അക്കാദമികം നേട്ടങ്ങൾ

പൊതുവിദ്യാഭ്യാസരംഗത്ത് ഗ്രേഡിങ് അധിഷ്ഠിത പഠന സമ്പ്രദായം ഏർപ്പെടുത്തിയ കാലഘട്ടം മുതൽ നാളിതുവരെ എസ്എസ്എൽസി പരീക്ഷയിൽ 100% വിജയം നിലനിർത്തി വരുന്ന കൂടുതൽ ഫുൾ എ പ്ലസുകളും കരസ്ഥമാക്കി കൊണ്ടിരിക്കുന്ന തലയോലപറമ്പ് ഗ്രാമപഞ്ചായത്ത് അതിർത്തിയിലുള്ള ഏക എയ്ഡഡ് ഹൈസ്കൂൾ .ജൂനിയർ റെഡ് ക്രോസ് യൂണിറ്റ് ,ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ,എക്കോ ക്ലബ് , ഗാന്ധി ചിന്തൻ മഞ്ച് ,നേച്ചർ ക്ലബ്ബ് ,സയൻസ് ക്ലബ്ബ്, ഗണിത ക്ലബ്ബ് ,സോഷ്യൽ സയൻസ് ക്ലബ്ബ് തുടങ്ങി വിവിധങ്ങളായ ക്ലബ്ബുകൾ വിദ്യാലയത്തിൽ ഏറെ മാതൃകാപരമായി പ്രവർത്തിച്ചുവരുന്നു.

## കഴിഞ്ഞ വർഷങ്ങളിലെ എടുത്തു പറയേണ്ട നേട്ടങ്ങൾ

* പാഠ്യ -പാഠ്യേതര പ്രവർത്തനങ്ങളിലെ മികവ് - SSLC 2025 ലെ 100% വിജയം

*കലാ- ശാസ്ത്രമേളകളിലെ മികവുകൾ

*ഏറ്റവും മികച്ച ജെ ആർ സി പ്രവർത്തനങ്ങൾ
*ഏറ്റവും മികച്ച ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ
* ഫുട്ബോൾ പരിശീലന ക്യാമ്പ്

*കോട്ടയം ജില്ലയിലെ ആദ്യ സമ്പൂർണ്ണ സമ്പാദ്യ സുരക്ഷാ വിദ്യാലയമായി പ്രഖ്യാപിക്കപ്പെട്ടു

INFANT JESUS H S VADAYAR 2025-26

*നേത്രദാന സമ്മത പത്ര സമാഹരണം

# മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ

## മികവിനായി ഏറ്റെടുത്ത ദീർഘകാല പ്രവർത്തനങ്ങൾ

അക്കാദമികം

*മാതൃഭാഷ ശേഷി വികസനം
*ഇംഗ്ലീഷ് പഠന പരിപോഷണം
*രാഷ്ട്രഭാഷ ഹിന്ദി ഭാഷാപരിപോഷണം
*ഗണിത ശേഷി വികസനം
*ശാസ്ത്രപോഷണ പരിപാടികൾ
*ലാബ് പ്രവർത്തനങ്ങൾ ശക്തമാക്കൽ
*ലൈബ്രറി ശാക്തീകരണം

ഭൗതികം

*സയൻസ് ലാബ് പ്രവർത്തനങ്ങൾ ശക്തമാക്കൽ
*ലൈബ്രറി അണിയിച്ചൊരുക്കൽ
*ക്ലാസ് ലൈബ്രറികൾ
*ഡൈനിങ് ഹാൾ
*പഠനോപകരണങ്ങൾ പരിഷ്കരിക്കൽ
*കൃഷിത്തോട്ടം (ഹരിതാങ്കണം)
*നക്ഷത്രവനം
*ഔഷധത്തോട്ടം
*ഓപ്പൺ എയർ ഓഡിറ്റോറിയം
*സ്കൂൾ ഗ്രൗണ്ട് പുനരുദ്ധാരണം
*സിക്ക് റൂം ( പ്രഥമ ശുശ്രൂഷ മുറി)
*ക്ളാസ് റുമുകളിൽ വൈറ്റ് ബോർഡ്

സാമൂഹികം- വിദ്യാലയ വികസന സമിതി
പിടിഎ ശക്തിപ്പെടുത്തൽ

## മികവിനായി ഏറ്റെടുത്ത ഹ്രസ്വകാല പ്രവർത്തനങ്ങൾ

അക്കാദമികം

* ക്ളാസ് പി റ്റി എ കൾ ശക്തമാക്കൽ
* കലാകായികമേള

INFANT JESUS H S VADAYAR 2025-26

*പഠനയാത്ര
*രചന ശില്പശാല
*ദിനാചരണങ്ങൾ
*ഗണിതോത്സവം
*മാഗസിൻ
*വായനമാസാചരണം
*ഹിന്ദി വാരാഘോഷം
*മെഡിക്കൽ ക്യാമ്പ്
*പഠനമികവ് പരിശോധിച്ചു ഉറപ്പുവരുത്തൽ
*ഭാഷോത്സവങ്ങൾ
*ഭാഷാശേഷി പരിപോഷണം
*ഫിലിം ഫെസ്റ്റുകൾ
*കുസാറ്റ് യാത്ര

ഭൗതികം
* പഠനോപകരണങ്ങൾ പരിഷ്കരിക്കൽ
*ചുറ്റുമതിൽ പെയിൻറ് ചെയ്യൽ
*കളിസ്ഥലം ഒരുക്കൽ
*താത്കാലിക ഡൈനിങ് ഹാൾ ഒരുക്കൽ

സാമൂഹികം
*കർഷകരെ ആദരിക്കൽ
*സാഹിത്യകാരന്മാരെ ക്ഷണിക്കൽ
*വൃദ്ധസദനം സന്ദർശനങ്ങൾ
* പച്ചക്കറി തൈ വിതരണം
*ഫലവൃക്ഷതൈകൾ നട്ടുപിടിപ്പിക്കൽ

<u>മികവിനായി ഏറ്റെടുത്ത മധ്യമകാല പ്രവർത്തനങ്ങൾ</u>

അക്കാദമികം
*കവിയരങ്ങ്
*കഥയരങ്ങ്
*പച്ചക്കറി തോട്ടങ്ങൾ
*ശില്പശാലകൾ ഗവേഷണകമായ പ്രവർത്തനങ്ങൾ
*ബ്ലോഗ്  നിർമ്മാണം
*കുസാറ്റ് സന്ദർശനം
*സംസ്കാരിക നിലയങ്ങൾ സന്ദർശിക്കൽ
*ആതുരാലയങ്ങൾ സന്ദർശിക്കലും സഹായം നൽകലും

ഭൗതികം
*ചുറ്റുമതിൽ പൂർണ്ണമാക്കൽ

INFANT JESUS H S VADAYAR 2025-26

*കളിസ്ഥലം നവീകരണം

*ജൈവവൈവിധ്യ പാർക്ക്

സാമൂഹികം

*സഹപാഠിയ്ക്കൊരു സാന്ത്വനം പദ്ധതി നടപ്പാക്കൽ

* ഹരിതാങ്കണം പദ്ധതി നടപ്പാക്കൽ

മേഖല -ഭൗതികം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഡൈനിങ് ഹാൾ | ഡൈനിങ് ഹാൾ നിർമ്മാണം ഫർണീച്ചർ | 2 വർഷം | മാനേജ്മെന്റ് , പി റ്റി എ , | 5 ലക്ഷം |
| 2 | പഠനോപകരണങ്ങൾ പരിഷ്കരിക്കൽ | പഠനോപകരണങ്ങൾ പരിഷ്കരിക്കൽ | 3 വർഷം | മാനേജ്മെന്റ് , പി റ്റി എ ,പൂർവ്വ വിദ്യാർത്ഥികൾ | 3 ലക്ഷം |
| 3 | ഓപ്പൺ എയർ ഓഡിറ്റോറിയം | ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മാണം | 3 വർഷം | മാനേജ്മെന്റ് , പി റ്റി എ ,പൂർവ്വ വിദ്യാർത്ഥികൾ | 15 ലക്ഷം |
| 4 | സ്കൂൾ ഗ്രൗണ്ട് പുനരുദ്ധാരണം | സ്കൂൾ ഗ്രൗണ്ട് പുനരുദ്ധാരണം മണ്ണിട്ട് ഉയർത്തി, വെള്ളം വാർന്നുപോകുവാനുമുള്ള സംവിധാനം ഒരുക്കൽ വോളിബോൾ, ഷട്ടിൽ കോർട്ടുകൾ | വർഷം | എം പി -എം എൽ എ ഫണ്ടുകൾ മാനേജ്മെന്റ് , പി റ്റി എ ,പൂർവ്വ വിദ്യാർത്ഥികൾ | 50 ലക്ഷം |
| 5 | ക്ലാസ് ലൈബ്രറികൾ | ക്ലാസ് ലൈബ്രറികൾ | 2 വർഷം | പി റ്റി എ ,പൂർവ്വ വിദ്യാർത്ഥികൾ | 3 ലക്ഷം |
| 6 | സിക്ക് റൂം ( പ്രഥമ ശുശ്രൂഷ മുറി) | സിക്ക് റൂം ( പ്രഥമ ശുശ്രൂഷ മുറി) | 2 വർഷം | മാനേജ്മെന്റ് , പി റ്റി എ ,പൂർവ്വ വിദ്യാർത്ഥികൾ | 1 ലക്ഷം |
| 7 | ക്ളാസ് റുമുകളിൽ വൈറ്റ് ബോർഡ് | ക്ളാസ് റുമുകളിൽ വൈറ്റ് ബോർഡ് | 1 വർഷം | പി റ്റി എ ,പൂർവ്വ വിദ്യാർത്ഥികൾ, റിട്ടയേർഡ് അധ്യാപകർ | 25000 രൂപ |
| 8 | ചുറ്റുമതിൽ പെയിൻറ് ചെയ്യൽ | ചുറ്റുമതിൽ പെയിൻറ് ചെയ്യൽ | 3 വർഷം | പി റ്റി എ ,പൂർവ്വ വിദ്യാർത്ഥികൾ, | |
| 9 | കൃഷിത്തോട്ടം (ഹരിതാങ്കണം) | കൃഷിത്തോട്ടം (ഹരിതാങ്കണം) | 1 വർഷം | പി റ്റി എ ,പൂർവ്വ വിദ്യാർത്ഥികൾ,ജെ ആർ സി | |
| 10 | സഹപാഠിയ്ക്കൊരു സാന്ത്വനം പദ്ധതി നടപ്പാക്കൽ | സഹപാഠിയ്ക്കൊരു സാന്ത്വനം പദ്ധതി നടപ്പാക്കൽ | വർഷം | പി റ്റി എ ,പൂർവ്വ വിദ്യാർത്ഥികൾ,ജെ ആർ സി | |

INFANT JESUS H S VADAYAR 2025-26

# വിഷയാധിഷ്ഠിത അക്കാദമിക മാസ്റ്റർ പ്ളാനുകൾ

## അക്കാദമിക മാസ്റ്റർ പ്ളാൻ -മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 1 | ഭാഷ വിനിമയ<br>ശേഷി<br>വര്ധിപ്പിക്കൽ | *അക്ഷരമാല<br>പരിചയപ്പെടുത്തൽ<br>*അക്ഷര കാർഡ് നിർ<br>മ്മിക്കൽ<br>*അക്ഷരത്തിൽ നിന്നും<br>വാക്ക് നിർമ്മിക്കൽ<br>*വാക്കിൽ നിന്നും വാക്യം<br>നിർമ്മിക്കൽ<br>*അക്ഷരത്തിന്റെ ചിഹ്നങ്ങൾ<br>പഠിക്കൽ<br>*ചിത്രത്തിന് അടിക്കുറിപ്പ്<br>തയ്യാറാക്കൽ<br>*ചിത്രത്തിൽ നിന്നും വിവിധ<br>വ്യവഹാരരൂപങ്ങൾ നിർ<br>മ്മിക്കൽ<br>*ടെസ്റ്റുകൾ നടത്തുക<br>*പിന്നാക്കം നിൽക്കുന്നവർ<br>ക്ക് പ്രത്യേകം പരിഗണന<br>ലഭിക്കുന്ന ക്ലാസ്സുകൾ | ജൂൺ,<br>ജൂലൈ,ആഗസ്റ്റ്<br>, സെപ്റ്റംബർ | പുസ്തകം, പത്രം<br>,മാസിക,<br>ആനുകാലികം | അധ്യാപകർ,<br>മാതാപിതാക്കൾ,<br>സുഹൃത്തുക്കൾ |
| 2. | ഭാവാത്മകമായി<br>വായിക്കുന്നതിനും,<br>ആസ്വദിക്കുന്നതിനും<br>പരിശീലനം നൽ<br>കുക | * ക്ളാസ് വായനക്കൂട്ടം<br>രൂപീകരിക്കുക.<br>*ക്ളാസ് വായനമൂല<br>സജ്ജമാക്കുക.<br>*സ്കൂൾ ലൈബ്രറി<br>സജ്ജമാക്കുക.<br>*ഗ്രന്ഥശാല അംഗത്വം<br>എടുപ്പിക്കുക<br>*വായനോത്സവം<br>സംഘടിപ്പിക്കുക.<br>*പത്രവായന<br>പ്രോത്സാഹിപ്പിക്കുക<br>* പുസ്തക ചർച്ച<br>സംഘടിപ്പിക്കുക<br>*വായനാനുഭവം പങ്കുവയ്ക്കുക<br>*വായനക്കുറിപ്പ്<br>തയ്യാറാക്കുക<br>*ഇ- വായന നടത്തുക | 6 മാസം | ക്ളാസ് റൂം,<br>ലൈബ്രറി,പത്ര<br>മാസിക,ഇൻറർ<br>നെറ്റ്,കമ്പ്യൂട്ടർ | അധ്യാപകർ,<br>മാതാപിതാക്കൾ,<br>സുഹൃത്തുക്കൾ |
| 3 | കുട്ടിക്ക്<br>എഴുതുന്നതിൽ<br>കഴിവ് വർ<br>ദ്ധിപ്പിക്കുക | *എഴുത്തുകൂട്ടം<br>രൂപീകരിക്കുക.<br>*വായനക്കുറിപ്പ്<br>തയ്യാറാക്കുക.<br>*പഠനക്കുറിപ്പ് തയ്യാറാക്കുക.<br>*ക്ളാസ് തല പത്ര നിർ<br>മ്മാണം<br>*സർഗ്ഗ സൃഷ്ടിയിൽ ഏർ | 6 മാസം | ലൈബ്രറി<br>പുസ്തകം ,<br>ഫോട്ടോ,<br>ഇന്റർനെറ്റ് ,<br>കമ്പ്യൂട്ടർ | അധ്യാപകർ,<br>മാതാപിതാക്കൾ,<br>സുഹൃത്തുക്കൾ |

INFANT JESUS H S VADAYAR 2025-26

| | | | | | |
|---|---|---|---|---|---|
| | | പ്പെടുക<br>*വ്യവഹാരരൂപങ്ങൾ തിരിച്ചറിഞ്ഞ് സ്വയം കൃതികൾ രചിക്കുക.<br>*സംഘരചന നടത്തുക<br>*കാർട്ടൂണുകൾ നിർ മ്മിക്കുക. | | | |
| 4 | സർഗ്ഗശേഷി വികസനം | *സാഹിത്യ ക്വിസ്സ്<br>*കഥ,കവിത, ശില്പശാല<br>*കവിതാലാപനം മത്സരം<br>*തനത് രചനയും അവതരണവും | മാസത്തിലൊരു പ്രാവശ്യം | പുസ്തകം, ആനുകാലികം | അധ്യാപകർ |
| 5 | പഠനയാത്രകൾ | * കേരള കലാമണ്ഡലം - കലകളെ കൂടുതൽ അടുത്ത് അറിയുന്നതിനും കണ്ട് ആസ്വദിക്കുന്നതിനും . | വർഷത്തിലൊരു പ്രാവശ്യം | ചൊറുതുരുത്തി ,കലാമണ്ഡലം | അധ്യാപകർ, വിദ്യാർത്ഥികൾ |
| 6 | ലൈബ്രറിയുടെ ഉപയോഗം മെച്ചപ്പെടുത്തൽ | * അധിക വായനയ്ക്ക് ആവശ്യമായ പുസ്തകങ്ങൾ ലഭ്യമാക്കുക.<br>* ആനുകാലികങ്ങളെ അറിയുക<br>*ദൃസ്യ, ശ്രവ്യ മാധ്യമങ്ങളെ പ്രയോജനപ്പെടുത്തുക.<br>* പത്രങ്ങൾ കൃത്യമായി വായിക്കുവാൻ പ്രേരിപ്പിക്കുക. | എല്ലാ പഠന ദിവസത്തിലും | ലൈബ്രറി | അധ്യാപകർ, വിദ്യാർത്ഥികൾ |

# അക്കാദമിക മാസ്റ്റർ പ്ളാൻ -ഇംഗ്ലീഷ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക | *സ്പോക്കൺ ഇംഗ്ലീഷ് ക്ളാസ്സ്<br>*സ്റ്റോറി ടെല്ലിംഗ്<br>*ഇംഗ്ലീഷ് കാർ ട്ടൂൺ | ദീർഘകാലം | ഐ സി റ്റി , ബുക്ക്സ് | ഇംഗ്ലീഷ് ടീച്ചർ |
| 2 | ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക. | * റോൾ പ്ളെ<br>*സ്കിറ്റ്<br>*ഇംഗ്ലീഷ് ഡെ | ഹ്രസ്വകാലം (ക്ളാസ്സ്റും പ്രവർ ത്തനങ്ങളോടൊപ്പ ം) | ചാർട്ട്, ഐ സി റ്റി | ഇംഗ്ലീഷ് ടീച്ചർ |
| 3 | സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക | * ന്യൂസ് പേപ്പർ റീഡിംങ്<br>*സ്റ്റോറി ബുക്ക് റീഡിംങ് | ഹ്രസ്വകാലം (ക്ളാസ്സ്റും പ്രവർ ത്തനങ്ങളോട് ഒപ്പം) | ബുക്ക്സ് | ഇംഗ്ലീഷ് ടീച്ചർ |
| 4 | സ്വതന്ത്ര എഴുത്തിന് സജ്ജരാകുക | * ഡയറി റൈറ്റിംഗ്<br>* സ്റ്റോറി മേക്കിംഗ് | ദീർഘകാലം | ബുക്ക്സ് | ഇംഗ്ലീഷ് ടീച്ചർ |

INFANT JESUS H S VADAYAR 2025-26

| | | | | | |
|---|---|---|---|---|---|
| 5 | നാടകീകരണം | *പപ്പറ്റ് ഷൊ<br>*സ്കിറ്റ് | ഹ്രസ്വകാലം | ടെക്സ്റ്റ് ബുക്ക്സ് | ഇംഗ്ലീഷ് ടീച്ചർ |
| 6 | കവിത രചനയ്ക്ക് പ്രാപ്തരാക്കുക | * ഇംഗ്ലീഷിൽ ഓഡിയോ കേൾക്കാനവസരം<br>*ചെറിയ ചെറിയ ടോപ്പിക്കുകൾ നൽകി കവിത എഴുതിക്കുന്നു | ക്ളാസ്സ്റും പ്രവർത്തനങ്ങളോടൊപ്പം | ഐ സി റ്റി | ഇംഗ്ലീഷ് ടീച്ചർ |
| 7 | സാങ്കേതിക വിദ്യാ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക | *പോഡ്കാസ്റ്റ് വീഡിയോകൾ കാണിക്കുന്നു.<br>*ഇംഗ്ലീഷ് ടെസ്റ്റ് നടത്തുന്നു.<br>* ഇംഗ്ലീഷ് ഫിലിം കാണാനുള്ള അവസരം | ദീർഘകാലം (ക്ളാസ്സ്റും പ്രവർത്തനങ്ങളോടൊപ്പം) | ഐ സി റ്റി | ഇംഗ്ലീഷ് ടീച്ചർ |
| 8 | പഠന യാത്ര | * കേരള കലാമണ്ഡലം - കലകളെ കൂടുതൽ അടുത്ത് അറിയുന്നതിനും കണ്ട് ആസ്വദിക്കുന്നതിനും | വർഷത്തിലൊരു പ്രാവശ്യം | ചൊറുതുരുത്തി ,കലാമണ്ഡലം | ഇംഗ്ലീഷ് ടീച്ചർ വിദ്യാർത്ഥികൾ |
| 9 | ദിനാചരണങ്ങൾ | * പരിസ്ഥിതി ദിന ക്വിസ്സ്<br>*ജൂൺ 19 വായനാദിനം<br>*ആഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനം | ദീർഘകാലം | | ഇംഗ്ലീഷ് ടീച്ചർ |

INFANT JESUS H S VADAYAR 2025-26

# അക്കാദമിക മാസ്റ്റർ പ്ളാൻ -ഹിന്ദി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 1 | ഹിന്ദി ഭാഷയിൽ ആത്മവിശ്വാസത്തോടെ വായിക്കുവാനും ,എഴുതുവാനും ആശയവിനിമയം നടത്തുവാനും പ്രാപ്തരാക്കുക | * കുട്ടിയുടെ ഭാഷാ നിലവാരം തിരിച്ചറയുവാൻ പ്രീ ടെസ്റ്റ് നടത്തുക<br>* | ജൂൺ, ജൂലൈ, | പുസ്തകം, പത്രം ,മാസിക, ആനുകാലികം , ഐ സി റ്റി | ഹിന്ദി അധ്യാപകൻ |
| 2 | ഭാഷ വിനിമയ ശേഷി വർദ്ധിപ്പിക്കുവാനുള്ള പ്രവർത്തനം | *അക്ഷരമാല പരിചയപ്പെടുത്തൽ<br>*അക്ഷര കാർഡ് നിർമ്മിക്കൽ<br>*അക്ഷരത്തിൽ നിന്നും വാക്ക് നിർമ്മിക്കൽ<br>*പദസൂര്യൻ നിർമ്മിക്കൽ<br>*വാക്കിൽ നിന്നും വാക്യം നിർമ്മിക്കൽ<br>*അക്ഷരത്തിന്റെ ചിഹ്നങ്ങൾ പഠിക്കൽ<br>*പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിഗണന ലഭിക്കുന്ന ക്ലാസ്സുകൾ | ജൂൺ, ജൂലൈ,ആഗസ്റ്റ് , സെപ്തംബർ (ദീർഘകാലം ) | പുസ്തകം, പത്രം ,മാസിക, ആനുകാലികം , ഐ സി റ്റി | ഹിന്ദി അധ്യാപകൻ |
| 3 | കാർട്ടൂൺ, ചിത്ര കഥ എന്നിവകൾ വായിച്ച് ആശയം അവതരിപ്പിക്കുവാൻ പരിശിലിപ്പിക്കുന്ന പ്രവർത്തനം | * കാർട്ടൂൺ, ചിത്ര കഥ എന്നിവകൾ വായിനയ്ക്കായി നൽകുന്നു.<br>* വർക്ക് ഷീറ്റുകൾ നൽകുന്നു. | ജൂൺ, ജൂലൈ ഹ്രസ്വ കാലം | പുസ്തകം, പത്രം ,മാസിക, ആനുകാലികം , ഐ സി റ്റി | ഹിന്ദി അധ്യാപകൻ |
| 4 | ഹിന്ദി വായനയ്ക്ക് സജ്ജരാക്കുക | * ഹിന്ദീ പത്ര വായന<br>* വിവിധ മാസികകൾ വായന<br>* ലഘു കഥകൾ വായന | പ്രതി ദിനം ഹ്രസ്വകാലം (ക്ളാസ്സ്റ്റും പ്രവർത്തനങ്ങളോടൊപ്പം) | പുസ്തകം, പത്രം ,മാസിക, ആനുകാലികം , ഐ സി റ്റി | ഹിന്ദി അധ്യാപകൻ |
| 5 | സി ഡബ്ള്യു എസ് എൻ, സ്ലോ ലേണേഴ്സ് - | * കാർട്ടൂൺ, ചിത്ര കഥ എന്നിവകൾ | ഹ്രസ്വകാലം | പുസ്തകം, കാർട്ടൂൺ ,മാസിക, | ഹിന്ദി അധ്യാപകൻ |

INFANT JESUS H S VADAYAR 2025-26

| | | | | | |
|---|---|---|---|---|---|
| | പിന്നാക്കാവസ്ഥയുള്ള കുട്ടികളെ പരിഗണന നൽകി പ്രപ്തരാക്കുക | അടങ്ങിയ പുസ്തകങ്ങൾ വായിക്കുവാനായി നൽകുന്നു. * വർക്ക് ഷീറ്റുകൾ നൽകുന്നു. | | ആനുകാലികം , ഐ സി റ്റി | |
| 6 | ഹിന്ദിയിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക. | * ദൃശ്യാഭാസ് *സ്കിറ്റ് നാടകം | ഹ്രസ്വകാലം (ക്ളാസ്സ്റും പ്രവർത്തനങ്ങളോടൊപ്പം) | ചാർട്ട്, ഐ സി റ്റി | ഹിന്ദി അധ്യാപകൻ |
| 7 | സ്കൂൾ ഹിന്ദി ക്ളബ്ബ് ഗാന്ധി ചിന്തൻ മഞ്ചിന്റ നേതൃത്വത്തിൽ ഹിന്ദി ദിനാഘോഷം നടത്തുക. ഹിന്ദി കലോത്സവവും നടത്തുക | * പദ്യം ചൊല്ലൽ ,കഥ,കവിത,പോസ്റ്റർ നിർമ്മാണം ,പ്രസംഗം, തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കുക | ഹ്രസ്വകാലം സെപ്റ്റംബർ | ചാർട്ട്, ഐ സി റ്റി , മംച് | ഹിന്ദി അധ്യാപകൻ കുട്ടികൾ , മറ്റ് അധ്യാപകർ, പി റ്റിഎ |
| 8 | പഠന യാത്ര | * കേരള കലാമണ്ഡലം - കലകളെ കൂടുതൽ അടുത്ത് അറിയുന്നതിനും കണ്ട് ആസ്വദിക്കുന്നതിനും | വർഷത്തിലൊരു പ്രാവശ്യം | ചൊറുതുരുത്തി , കലാമണ്ഡലം | ഹിന്ദി അധ്യാപകൻ മറ്റ് ഭാഷാധ്യാപകർ കുട്ടികൾ |
| 9 | സ്കൂൾ ഹിന്ദി ക്ളബ്ബ് ഗാന്ധി ചിന്തൻ മഞ്ചിന്റ നേതൃത്വത്തിൽ വിവിധ ദിനാചരണങ്ങൾ നടത്തുക.. ഹിന്ദിയിൽ അസംബ്ളീ സംഘടിപ്പിക്കൽ | പര്യാവരൺ ദിവസ്, വാചൻ ദിവസ്, വിശ്വ നശാ വിരുദ്ധ ദിവസ്, ഗാന്ധി ജയന്തി തുടങ്ങിയവ നടത്തുക | ദീർഘകാലം ( വർഷം മുഴുവൻ ) | പുസ്തകം, പത്രം ,മാസിക, ആനുകാലികം , ഐ സി റ്റി ,മംച് | ഹിന്ദി അധ്യാപകൻ സ്കൂൾ ഹിന്ദി ക്ളബ്ബ് ഗാന്ധി ചിന്തൻ മഞ്ച് |
| 10 | ഹിന്ദി ഭാഷ അന്തരീക്ഷവുമായി വേഗം അടുക്കുവാനുള്ള അവസരം | ഹിന്ദി ഫിലിം ഫെസ്റ്റ് നടത്തൽ | ജനവരി ( ഹ്രസ്വ കാലം ) | ഐ സി റ്റി , മംച് | ഹിന്ദി അധ്യാപകൻ സ്കൂൾ ഹിന്ദി ക്ളബ്ബ് ഗാന്ധി ചിന്തൻ മഞ്ച് |
| 11 | ഹിന്ദി രചനാ | * ഹിന്ദി പത്രിക തയ്യാറാക്കൽ | ഹ്രസ്വകാലം ( ജനവരി ,ഫെബ്രുവരി ) | പുസ്തകം, കാർട്ടൂൺ ,മാസിക, ആനുകാലികം , ഐ സി റ്റി | ഹിന്ദി അധ്യാപകൻ സ്കൂൾ ഹിന്ദി ക്ളബ്ബ് ഗാന്ധി ചിന്തൻ മഞ്ച് |

INFANT JESUS H S VADAYAR 2025-26

# അക്കാദമിക മാസ്റ്റർ പ്ളാൻ - സാമൂഹ്യ ശാസ്ത്രം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പഠിതാക്കളെ ചരിത്രാവ ബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനം ആയി നടത്തുന്നു നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | സ്കൂൾ കുട്ടികളും സുമനസ്സുകളും ,പി റ്റി എ ,മാനേജ് മെൻറ് , സാമൂഹ്യശാസ്ത്ര ക്ളബ്ബ് |
| 2 | ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടു ക്കുക. പൗരബോധം, മൂല്യ ബോധം ഇവ വളർത്തുക | സ്കൂൾ പാർലമെൻ്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിവസങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | സ്കൂൾ കുട്ടികളും സുമനസ്സുകളും പി റ്റി എ ,മാനേജ് മെൻറ് , സാമൂഹ്യശാസ്ത്ര ക്ളബ്ബ് |
| 3 | സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീക രിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. | വർഷം മുഴുവനം | സാമൂഹ്യശാസ്ത്ര അധ്യാപകൻ | സ്കൂൾ കുട്ടികളും സുമനസ്സുകളും പി റ്റി എ ,മാനേജ് മെൻറ് , സാമൂഹ്യശാസ്ത്ര ക്ളബ്ബ് |
| 4 | മതേതരത്വം, സഹി ഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്ത നത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്കർത്താ ക്കളെ പരിചയപ്പെടുക. | സർവ്വേ, പ്രൊജക്ട്,,ചർച്ചക ൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവ യിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം മുഴുവനം. | സാമൂഹ്യശാസ്ത്ര അധ്യാപകൻ | സ്കൂൾ കുട്ടികളും സുമനസ്സുകളും പി റ്റി എ ,മാനേജ് മെൻറ് , സാമൂഹ്യശാസ്ത്ര ക്ളബ്ബ് |
| 5 | ഭൂപട വായന കുട്ടിക ളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപട വായന പ്രോത്സാഹിപ്പിക്കു ന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. | വർഷം മുഴുവനം | സാമൂഹ്യശാസ്ത്ര അധ്യാപകൻ | സ്കൂൾ കുട്ടികളും സുമനസ്സുകളും പി റ്റി എ ,മാനേജ് മെൻറ് , സാമൂഹ്യശാസ്ത്ര ക്ളബ്ബ് |

INFANT JESUS H S VADAYAR 2025-26

| | | | | | |
|---|---|---|---|---|---|
| | | അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിത മാക്കുന്നു. | | | |
| 6 | കുട്ടികളിൽ ഉന്നത നില വാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | സാമൂഹ്യശാസ്ത്രവു മായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കു ന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കു റിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാ സ്ത്ര അധ്യാപകൻ | സ്കൂൾ കുട്ടികളും സുമനസ്സുകളും പി റ്റി എ ,മാനേജ് മെൻറ് , സാമൂഹ്യശാസ്ത്ര ക്ളബ്ബ് |
| 7 | വ്യത്യസ്ത ഇനം മണ്ണി നെക്കുറിച്ചും, ജലാശയങ്ങ ളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | വിവിധ മേഖലകളെക്കുറി ച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹര മാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാ സ്ത്ര അധ്യാപകൻ | സ്കൂൾ കുട്ടികളും സുമനസ്സുകളും പി റ്റി എ ,മാനേജ് മെൻറ് , സാമൂഹ്യശാസ്ത്ര ക്ളബ്ബ് |

INFANT JESUS H S VADAYAR 2025-26

# അക്കാദമിക മാസ്റ്റർ പ്ളാൻ -സയൻസ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | അത്ഭുത കണ്ണിലൂടെ-കൗതുകം,ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | * ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചുകൊടുക്കുവാൻ അവസരം നൽകുന്നു മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു<br>*പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം<br>*ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പിടിഎ |
| 2 | ശാസ്ത്രലോകത്തേക്ക് നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | *ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു<br>*വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു<br>*ശാസ്ത്ര ശില്പ ശാലകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം<br>അക്കാദമിക വർഷം ഒരു തവണ<br>അക്കാദമിക വർഷം ഒരു തവണ | സയൻസ് അധ്യാപകർ<br>സയൻസ് അധ്യാപകർ<br>സയൻസ് അധ്യാപകർ | പിടിഎ<br>സയൻസ് ക്ലബ്ബ്<br>സയൻസ് ക്ലബ്ബ് |
| 3 | ഹൈടെക് വേൾഡ് -മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക | *ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി ശാസ്ത്ര മാസിക പ്രസിദ്ധീകരണം<br>*സയൻസ് ലാബ് ഐടി ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പിടിഎ, മാനേജ്മെൻറ് |
| 4 | ആയുർരേഖ-പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | * കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു<br>* തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറിത്തോട്ടവും നിർമ്മിക്കൽ<br>*സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം<br>അക്കാദമിക വർഷം<br>അക്കാദമിക് വർഷം | സയൻസ് അധ്യാപകർ<br>ആരോഗ്യ ക്ലബ്ബ് ഹരിതസേന<br>സയൻസ് ക്ലബ്ബ് | പിടിഎ മാനേജ്മെൻറ്<br>കൃഷിവകുപ്പ് ഹരിതസേന,സീഡ് |
| 5 | വൈജ്ഞാനിക ബഹിർസ്ഫുരണം | *പുതുപുത്തൻ സാങ്കേതികവിദ്യയും പുത്തൻ | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |

INFANT JESUS H S VADAYAR 2025-26

| | | | | | |
|---|---|---|---|---|---|
| | അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ നേരറിവ് നേടൽ | കണ്ടെത്തലുകളും പരിചയപ്പെടുന്നു<br>*സംസ്ഥാന ദേശീയ തരത്തിലുള്ള ക്വിസ് സെമിനാർ പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു<br>* ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം<br>അക്കാദമിക വർഷം 1 തവണ | സയൻസ് ക്ലബ്ബ്<br>സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ<br>മാനേജ്മെൻറ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഗണിതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ആശയധാരണ കൈവരിക്കൽ | *ഒപ്പത്തിനൊപ്പം പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ മാത്സ് ക്ലിനിക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | ടീച്ചേഴ്സ് ഗ്രാൻഡ് |
| 2 | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | *ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | പി റ്റി എ |
| 3 | ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ഒരു ടേമിൽ ഒന്ന് | അധ്യാപകർ പിടിഎ | പി ടി എ |
| 4 | ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ 1 | അധ്യാപകർ ഗണിത ക്ലബ്ബ് | പി ടി എ |
| 5 | സംഘബോധം ഉണ്ടാക്കൽ | സംഘ പഠനം | തുടർ പ്രവർത്തനം | അധ്യാപകർ സംഘത്തലവൻ | |
| 6 | അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളുടെ അടിസ്ഥാനം ഉറപ്പിക്കുന്നു | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം ഇടപെടൽ ചർച്ചകൾ പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു | അക്കാദമിക വർഷം തുടർപ്രവർത്തനം | വിഷയ സമിതി കൺവീനർ മുതിർന്ന അധ്യാപകർ | |
| 7 | ഗണിത വിഷയത്തിന് ഒരു കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ഗ്രാമം കുട്ടികൾ കൂടാതെ സമീപപ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ് മാനേജ്മെൻറ് |
| 8 | ഗണിതം മത്സരം | ഗണിത ക്ലബ്ബിന്റെ | മാസത്തിൽ ഒന്ന് | ക്ലബ് സെക്രട്ടറി | പി ടി എ |

INFANT JESUS H S VADAYAR 2025-26


| | | | | | |
|---|---|---|---|---|---|
| | വേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | | അധ്യാപകർ പി ടി എ | |
| 9 | ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | മെയ് / ജൂൺ | ക്ലബ് സെക്രട്ടറി അധ്യാപകർ പി ടി എ | പി ടി എ |
| 10 | രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പിടിഎ നടത്തുന്ന ചുമതലകൾ നൽകുന്നു | എല്ലാ അധ്യാപകരും | അധ്യാപകർ , എച്ച് എം , പി ടി എ പ്രസിഡൻറ് | |

INFANT JESUS H S VADAYAR 2025-26

# അക്കാദമിക മാസ്റ്റർ പ്ളാൻ -കലാ കായിക പ്രവർത്തി പരിചയം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | കുട്ടികളുടെ കലാ പരമായപുരോഗതിയ്ക്ക് പരിശീലനം | കുട്ടികളുടെ കലാ പരമായപുരോഗതിയ്ക്ക് വിദഗ്ധപരിശീലനം നൽകുന്നു. | അക്കാദമിക വർഷം തുടർപ്രവർത്തനം | അധ്യാപകർ , എച്ച് എം , പി ടി എ | പി ടി എ പൂർവ്വ വിദ്യാർത്ഥികൾ |
| 2 | കുട്ടികളുടെ കായിക പരമായപുരോഗതിയ്ക്ക് വേണ്ടി പരിശീലനം | കുട്ടികളുടെ കായിക പരമായപുരോഗതിയ്ക്ക് വിദഗ്ധപരിശീലനം നൽകുന്നു. | അക്കാദമിക വർഷം തുടർപ്രവർത്തനം | അധ്യാപകർ , എച്ച് എം , പി ടി എ | പി ടി എ പൂർവ്വ വിദ്യാർത്ഥികൾ |

**ഇവർ 2025 SSLC പരീക്ഷയിലെ മികച്ച വിജയികൾ**




## സ്റ്റാഫ് 2024-25



INFANT JESUS H S VADAYAR 2025-26